**ശ്രദ്ധക്ഷണിക്കൽ**

## തെരുവുനായശല്യം

ശ്രീ. പി.കെ. ബഷീർ : സർ, സംസ്ഥാനത്ത് നഗരങ്ങളിലും പഞ്ചായത്തുകളിലും തെരുവുനായ്ക്കളുടെ ശല്യംമൂലം സാധാരണക്കാരുടെ സ്വൈര്യജീവിതം ദുസ്സഹമായിരിക്കുകയാണ്. തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും തെരുവുനായ്ക്കളുടെ ആക്രമണത്തെക്കുറിച്ച് ദിവസവും പത്രങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുകയുമാണ്. വീടുകൾ കയറി പിഞ്ചുകുട്ടികളേയും സ്കൂൾ കുട്ടികളേയും വൃദ്ധരേയും മറ്റും തെരുവുനായ്ക്കൾ ആക്രമിക്കുന്ന നിരവധി സംഭവങ്ങളാണ് സംസ്ഥാനത്ത് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലേയും സർക്കാർ ആശുപത്രികളിലേയും മാത്രം കണക്കനുസരിച്ച് 2013 വർഷത്തിനുശേഷം 11 പേരാണ് പേവിഷബാധയേറ്റ് മരിച്ചത്. 88172 പേർക്ക് തെരുവുനായ്ക്കളുടെ കടിയേറ്റതായിട്ടാണ് ഔദ്യോഗിക കണക്ക്. സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ കണക്കും കൂടിയെടുത്താൻ തെരുവുനായ്ക്കളുടെ കടിയേറ്റവരുടെ എണ്ണം ഇതിന്റെ പലമടങ്ങാകും. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പ്രതിരോധവാക്സിനും മറ്റുമായി 10 കോടി രൂപയാണ് കഴിഞ്ഞ വർഷം ചെലവഴിച്ചത്. ചില ജന്തുസ്നേഹികൾ പേപ്പട്ടികളെപ്പോലും കൊല്ലാൻ സമ്മതിക്കാത്ത അവസ്ഥയുണ്ട്. പേ ബാധിച്ച നായ്ക്കളെ കൊല്ലുന്നതിനുള്ള അനുമതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കൊടുത്തിട്ടുണ്ട്. എന്നാൽ കമ്മീഷന് മുമ്പാകെ 18 സംഘടനകൾ പരാതി കൊടുത്തതിൽ പല തരത്തിലുള്ള പരാതികളുണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നതിന് എതിര് നിൽക്കുന്ന ജന്തു

സ്നേഹികൾ, പാവപ്പെട്ട കുട്ടികൾക്കും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങൾക്കും അപകടമോ ശല്യമോ ഉണ്ടാകാത്ത രീതിയിൽ തെരുവുനായ്ക്കളെ അവരുടെ കോമ്പൗണ്ടിൽത്തന്നെ വളർത്തണമെന്നാണ് ഒരുകൂട്ടർ പറയുന്നത്. ശ്രീ. റ്റി.എൻ. പ്രതാപനെ പോലുള്ള ആളുകൾക്കും ഇത് ബാധകമാണ്. കാരണം ഇവർക്കൊക്കെ അഭിപ്രായം പറയുകയും നിയമം ഉണ്ടാക്കുകയും ചെയ്താൽ മതി. നിയമത്തിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സാധാരണക്കാരാണ്. പേ ബാധിച്ച ഒരു നായയെ കൊല്ലാൻ പാടില്ലെന്ന് പറഞ്ഞാൽ എന്താണ് ഈ രാജ്യത്തെ സ്ഥിതി; അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കൾ ആൾക്കാരെ കടിച്ചാൽ അതിന് പേ ഉണ്ടെന്ന് കരുതി കൊല്ലാറില്ലേ? അതിനും കേസ് എടുക്കുന്ന അവസ്ഥ വന്നാൽ എന്തായിരിക്കും സ്ഥിതി. മുൻകാലങ്ങളിലൊക്കെ ഇത്തരത്തിൽ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയോ കേന്ദ്ര ഗവൺമെന്റോ നിയമം ഉണ്ടാക്കിയെന്ന് പറഞ്ഞാൽ ആ നിയമത്തിലെ അപാകതകൾ തിരുത്തി നിയമം ഉണ്ടാക്കുകയോ പ്രമേയമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യമുണ്ടാകണ്ടേ? ഏറ്റവും വലിയ സെക്യൂരിറ്റി ഉള്ള സ്ഥലമാണ് എം.എൽ.എ. ഹോസ്റ്റൽ. രാവിലെ നടക്കാനിറങ്ങിയാൽ ആറ് നായ്ക്കൾവരെ ഒരുമിച്ച് നിൽക്കുകയാണ്. ഇങ്ങനെ പോയാൽ സ്ഥിതി എന്താകും; ഇതിന് ഒരു പരിഹാരം ഉണ്ടാകണ്ടേ; പഞ്ചായത്തും നഗരസഭയും കോടതിയിൽ നോട്ടീസ് കൊടുത്തിട്ട് കാര്യമുണ്ടോ? ശ്രീ. വി. ശിവൻകുട്ടി ഈ വിഷയം സംബന്ധിച്ച് സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അധികാര സ്ഥാനങ്ങളിലും റൂമുകളിലും ഇരുന്ന് നിയമം ഉണ്ടാക്കിയാൽ പറ്റില്ല. നിയമത്തിന്റെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ജനങ്ങൾക്കുണ്ടെന്ന് എല്ലാവരും മനസ്സിലാ

ക്കണം. നമ്മൾ ജനപ്രതിനിധികളാണ്. നാട്ടിൽ തെരുവുനായ്ക്കളെ പിടിച്ചി ല്ലെങ്കിൽ പഞ്ചായത്ത് പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും വാർഡ് മെമ്പറെയും ആളുകൾ ചീത്ത പറയുന്ന അവസ്ഥയാണ്. നിങ്ങൾ എം.എൽ.എ.മാരല്ലേ, നിയമം ഉണ്ടാക്കിക്കൂടെ, നമ്മൾ എന്താണ് ചെയ്യേണ്ട തെന്ന് അവർ ചോദിക്കും. പഞ്ചായത്തിൽ 50 ശതമാനം വനിതകളാണ്. പഞ്ചായത്ത് പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും വാർഡ് മെമ്പറെയും ആളുകൾ ചീത്ത പറയുമ്പോൾ അവർ എന്നെ വിളിച്ച് പറയു കയാണ് ചെയ്യുന്നത്. ഇതിന് നിയമം ഉണ്ടാകണം. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ആനിമൽ ബർത്ത് കൺട്രോൾ നിയമം അങ്ങനെ യാണ്; കേന്ദ്ര ഗവൺമെന്റ് നിയമം അനുസരിച്ചാണ് എന്നൊക്കെ മന്ത്രി മറുപടി പറയും. ശ്രീ. റ്റി.എൻ. പ്രതാപനെ പോലുള്ള പരിസ്ഥിതിക്കാരും ജന്തുസ്നേഹികളുമാണ് ഈ രാജ്യം കുട്ടിച്ചോറാക്കുന്നത്. ഞാൻ കാര്യങ്ങൾ തുറന്നുപറയുകയാണ്. പ്രാക്ടിക്കലായി എന്തെങ്കിലും സംഗതി യുണ്ടോ? താങ്കളെ ഞാൻ ഇന്നലെയും ടി.വി. യിൽ കണ്ടു. കാള പെറ്റു എന്നു കേൾക്കുമ്പോൾ കയർ എടുക്കരുത്. വിഷയം പഠിച്ചിട്ട് വേണം സംസാരിക്കാൻ. നമ്മുടെ നാട്ടിൽ കാര്യങ്ങൾ നടക്കണ്ടേ. ആരാന്റെ കുട്ടിക്ക് ഭ്രാന്തിളകിയാൽ കാണാൻ നല്ല രസമാണ്. നിങ്ങളെയൊക്കെ കടിക്കു ന്നുവെങ്കിലേ നിയമം മാറുകയുള്ളു. പലതരത്തിലുള്ള പട്ടികളുണ്ട്. അതൊന്നും ഇവിടെ പറയാൻ പറ്റില്ല. ഇതൊരു തമാശയായിട്ടല്ലാതെ സീരിയ സായി എടുക്കണം. നായ കടിച്ചാൽ കുത്തിവയ്ക്കാനുള്ള ഒരു വാക്സിന്റെ വില 7,000 രൂപയാണ്. പേപ്പട്ടി കടിച്ചാൽ ഇത്തരത്തിലുള്ള മൂന്ന് വാക്സിനു കൾ എടുക്കണം. മൂന്ന് കോഴ്സിനും കൂടി 21,000 രൂപയാണ് വില. ഈ

വിഷയത്തിൽ ഒരു തീരുമാനമുണ്ടാകണം. എന്നെ സംബന്ധിച്ചിടത്തോളം നീട്ടിപ്പറയുന്ന രീതിയില്ല. നമ്മുടെ നഗരസഭകളിലെയും ഗ്രാപഞ്ചായത്തുകളിലെയും സാമ്പത്തിക സ്ഥിതിയിൽ നിന്നുകൊണ്ട് നിയമപ്രകാരമുള്ള, ഡോക്ടർമാർ, വെറ്ററിനറി സർജന്മാർ, പട്ടിക്കൂട് എന്നിവ ഉണ്ടാക്കാൻ കഴിയില്ല. വെറുതെ നിയമം ഉണ്ടെന്ന് പറയാമെന്നല്ലാതെ ഇതൊന്നും നടക്കുന്ന കാര്യമല്ല. ഏത് പദ്ധതിയിൽപ്പെടുത്തിയാണ് ഇതിന് പണം നീക്കിവയ്ക്കാൻ സാധിക്കുന്നത്. പ്രായോഗിക സമീപനത്തിന്റെ ആളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. അതുകൊണ്ട് ഇതിന് ഉചിതമായ തീരുമാനമെടുത്ത് തെരുവുനായ്ക്കളെ ഒന്നുകിൽ എവിടെയെങ്കിലും സംസ്കരിക്കാൻ, അല്ലെങ്കിൽ പേ ബാധിച്ച നായ്ക്കളെ കൊല്ലാൻ നടപടി സ്വീകരിക്കണം. കാട്ടിൽ നിന്നും ആന പോലുള്ള മൃഗങ്ങൾ ഇറങ്ങുമ്പോൾ അവയെ വെടിവയ്ച്ച് കൊല്ലാനുള്ള അധികാരം കൊടുക്കണമെന്ന് സീനിയർ നേതാവായ ശ്രീ. ആര്യാടൻ മുഹമ്മദ് തന്നെ സഭയിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ പേപ്പട്ടിയെ കൊല്ലാനുള്ള അനുവാദം കൊടുക്കണ്ടേ? ബഹുമാനപ്പെട്ട കോടതി വിധിയിൽ തന്നെ പറയുന്നുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ അനുകൂല നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളുടെ ശല്യം ഏറെ ദുഷ്കരമായിക്കൊണ്ടിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. പി.കെ. ബഷീർ പറഞ്ഞതുപോലെ,

നായ്ക്കളുടെ കടിയേറ്റ് കഴിഞ്ഞ വർഷം 88000–ത്തോളം ആളുകൾ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. 2013–14 വർഷത്തിൽ മരുന്നിനും മറ്റ് ആവശ്യങ്ങൾക്കുമായി ഏകദേശം 10 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. 2001–ലെ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) റൂൾ 7 പ്രകാരം പ്രത്യേക പരിശീലനം ലഭിച്ച ആളുകളെ ഉപയോഗിച്ച് അലഞ്ഞുതിരിയുന്ന നായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനും പ്രതിരോധ കുത്തിവയപ്പ് നടത്തുന്നതിനും വ്യവസ്ഥയുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷൻ 10 വെറ്ററിനറി ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് വന്ധ്യംകരണ നിയന്ത്രണ മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ചില നഗരസഭകൾ നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരികയാണ്. ഉദാഹരണത്തിന്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് സുരക്ഷ എന്ന പദ്ധതി ആവിഷ്കരിച്ച് 2013 വരെ 1700 തെരുവുനായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. ഇതേ കാലയളവിൽ തന്നെ മറ്റ് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ 1000–ൽപ്പരം നായ്ക്കളെ വിഴിഞ്ഞം, കോവളം, തിരുവല്ലം മേഖലകളിൽ എ.ബി.സി. പ്രോഗ്രാമിന് വിധേയമാക്കുകയുണ്ടായി. തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന സത്യസായി ഓർഫനേജ് ട്രസ്റ്റ് ജില്ലയിലെ തെരുവുനായ്ക്കളെ പിടിച്ച് വന്ധ്യംകരണം നടത്തുന്നതിനും ആവശ്യമായ പരിചരണം നൽകി തിരികെ കൊണ്ടുവിടുന്നതിനുമുള്ള പദ്ധതി സർക്കാരിന് മുമ്പാകെ രണ്ട് ദിവസം മുമ്പ് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രസ്തുത സംഘടനയുമായി ചർച്ചകൾ നടത്തിവരികയാണ്. തെരുവ് നായ്ക്കളെ കൊല്ലുന്നത് തടഞ്ഞുകൊണ്ടുള്ള സുപ്രീം

കോടതിയുടെ 2009-ലെ ഇടക്കാല വിധി നിലനിൽക്കുകയാണ്. ഈ കേസ്സിൽ സംസ്ഥാന സർക്കാരും കക്ഷി ചേർന്നിട്ടുണ്ട്. കേസ്സിൽ എത്രയും വേഗം തീരുമാനമുണ്ടാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് പൈലറ്റ് പദ്ധതിയെന്ന നിലയിൽ ആൾപാർപ്പില്ലാത്ത പ്രദേശത്ത് പ്രത്യേക വേലികെട്ടി മതിയായ സൗകര്യങ്ങളോടെ ഭക്ഷണവും പരിപാലനവും നൽകി സംരക്ഷിക്കുവാൻ സർക്കാർ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാപ്പെട്ട ഫോറസ്റ്റ് മിനിസ്റ്ററുമായി അതിനെക്കുറിച്ച് രണ്ടുമൂന്ന് പ്രാവശ്യം സംസാരിച്ചു. എസ്.പി.സി.എ., ആനിമൽ വെൽഫയർ ബോർഡ് എന്നിവയുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ട്. പേ വിഷബാധയുള്ള നായ്ക്കളേയും മാരകമായ രോഗം ബാധിച്ചവയേയും മതിയായ സർട്ടിഫിക്കേഷനോടെ ദയാവധം നടത്തുവാനും മറ്റുള്ളവയെ വന്ധ്യംകരിക്കുവാനും കഴിയും.

ശ്രീ. പികെ. ബഷീർ : സർ, വന്ധ്യംകരണം നടത്തിയിട്ട് എന്താണ് കാര്യം. പല്ലിൽ തുന്നൽ ഇടുന്ന ഏർപ്പാടാണെങ്കിൽ പ്രശ്നമില്ല. വന്ധ്യം കരണം നടത്തിവിട്ടാലും പിന്നെയും നായ കടിക്കില്ലേ? നായ കടിക്കുന്നതാണ് പ്രശ്നം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മന്ത്രി, വന്ധ്യംകരണം നടത്തിയതുകൊണ്ട് ഉൽപ്പാദനം കുറയുന്നതല്ലാതെ പല്ലിന്റെ മൂർച്ച കുറയില്ല എന്നാണ് ശ്രീ. പി.കെ. ബഷീർ പറഞ്ഞത്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എക്സ്പർട്ടുകൾ പറയുന്നത്, വന്ധ്യംകരണം നടത്തിയാൽ ആക്രമിക്കാനുള്ള പവർ കുറയുമെന്നാണ്.

വളരെ വലിയ നിബന്ധനകളാണ് ഇതിലുള്ളത്. വന്ധ്യംകരണം നടത്തിയാൽ അതേ സ്ഥലത്ത് തന്നെ കൊണ്ടുപോയി വിടണമെന്നാണ് പറയുന്നത്. അതല്ലെങ്കിൽ കേസ്സെടുക്കാനുള്ള അധികാരമുണ്ട്. ശാശ്വതമായിട്ടുള്ള പരിഹാരമായി നായ്ക്കളെയെല്ലാം പിടിച്ച് ഒരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകാനുള്ള പരിപാടിയാണ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യം ഫോറസ്റ്റ് മിനിസ്റ്ററുമായി പല പ്രാവശ്യം സംസാരിച്ചതാണ്. പെട്ടെന്നുതന്നെ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മി. ചെയർമാൻ : ഇവിടെ ആടിനെയും പശുവിനെയും കൊല്ലാൻ യാതൊരു തടസ്സവുമില്ല. പേ പിടിച്ച പട്ടിയെ കൊല്ലാൻ മാത്രമാണ് തടസ്സം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട നഗര വികസന വകുപ്പുമന്ത്രിയുടെ ഒരു പ്രൊപ്പോസൽ ഉണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി യോജിച്ച്, ഫോറസ്റ്റിന്റെ ഭൂമി കൂടി ഉപയോഗിച്ച് ചെയ്യുന്നതിനാണ് അദ്ദേഹം പ്രോപ്പോസൽ വച്ചിട്ടുള്ളത്. ആ പ്രൊപ്പോസൽ ഗൗരവമായി പരിഗണിച്ചിരിക്കുകയാണ്. ബന്ധപ്പെട്ട ആളുകളുമായി ചർച്ച ചെയ്ത്, പൂർണ്ണതയിലെത്താൻ കഴിയുമെന്നുള്ളതാണ് വിശ്വാസം.

**(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)**

## ലൈബ്രറി കൗൺസിൽ പിരിച്ചുവിടൽ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ലോകം അത്ഭുതത്തോടുകൂടി വീക്ഷിക്കുന്ന ഒരു മഹാസാംസ്കാരിക പ്രസ്ഥാനമാണ് കേരളത്തിലെ ഗ്രന്ഥ

ശാലാ പ്രസ്ഥാനം. മറ്റ് രാജ്യങ്ങളിലുള്ള അക്കാദമിക് ലൈബ്രറിയോട് കിടപിടിക്കാൻ കഴിയുന്ന വായനശാലകളൊന്നുമല്ല കേരളത്തിലെ വായനശാലകൾ. എന്നാൽ അവിടെയൊന്നുമില്ലാത്തൊരു സവിശേഷത ഇവിടെയുള്ളത് ഇവിടത്തെ വായനാശാലാ പ്രസ്ഥാനത്തിന്റെ ജനകീയതയാണ്. മലയാളികളുടെ അറിവിന്റെ കോട്ടയാണ് കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം. ലോകത്തുതന്നെ സമാനതകളില്ലാത്ത ഈ മഹാത്ഭുതം മലയാളികളുടെ അഭിമാനം ആകാശത്തോളം ഉയർത്തിയ ഒന്നാണ്. മാറിമാറിവന്ന സംസ്ഥാന സർക്കാരുകൾ ഈ പ്രസ്ഥാനത്തെ ഊട്ടി വളർത്തിയതല്ലാതെ തകർക്കുവാൻ ശ്രമിച്ചിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുതൊട്ട് നിലവിലുള്ള ഗ്രന്ഥശാലാ കമ്മിറ്റിക്കെതിരായ നിലപാടുകളാണ് സ്വീകരിച്ചുവരുന്നത്. നിലവിലുള്ള സംസ്ഥാന ലൈബ്രറി കൗൺസിൽ പിരിച്ചുവിടാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ അത് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റ് നോട്ടീസ് നൽകിയിരിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന തുക ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് നൽകാതെ അതിനെ ബുദ്ധിമുട്ടിക്കുകയാണ്. ലൈബ്രേറിയൻ അലവൻസ് പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് ദുഃഖകരമായ കാര്യമാണ്. സാമൂഹിക സാംസ്കാരിക സാഹിത്യ നായകന്മാരിൽ നിന്നും പ്രസാധകന്മാരിൽനിന്നുമൊക്കെ വലിയ പ്രതിഷേധമുയർന്നുവന്നപ്പോഴാണ് കുറച്ച് പണം കൊടുക്കാൻ തയ്യാറായത്. ഇനി 4 കോടി രൂപയിലധികം കൊടുക്കാൻ ബാക്കിയുണ്ട്. ലൈബ്രേറിയൻ അലവൻസ് ആറുമാസത്തിലധികമായി നൽകുന്നില്ല. അക്ഷരങ്ങളെ പാവപ്പെട്ടവരിൽനിന്നും ദീർഘകാലം അകറ്റി നിർത്തിയ ഒരു ഇരുളടഞ്ഞ ചരിത്രം നമുക്കുണ്ട്. നിയമങ്ങൾ അലിഖിത വായ്മൊഴികളായി

നിലനിന്നിരുന്ന കാലത്തുപ്പോലും ഈ വിലക്ക് നിലനിന്നിരുന്നു. പാവപ്പെട്ട വനും പിന്നോക്ക ജാതിക്കാരനും 'അക്ഷരങ്ങൾ കാണാൻ ശ്രമിച്ചാൽ കണ്ണു കുത്തിപ്പൊട്ടിക്കും, അക്ഷരങ്ങൾ കേൾക്കാൻ ശ്രമിച്ചാൽ കാതിൽ ഈയമു രുക്കി ഒഴിക്കും, അക്ഷരം ഉരുവിടാൻ ശ്രമിച്ചാൽ നാവറുക്കും' എന്ന ഒരു വായ്മൊഴി ഇതിന്റെ ഏറ്റവും വലിയ തെളിവാണ്. ഇൻഡ്യയിൽ നിലനിന്നി രുന്ന ജാതീയതയും അയിത്തവും അനാചാരവും പാവപ്പെട്ടവനെയും പിന്നോക്ക ജാതിക്കാരനെയും എത്രയോ നൂറ്റാണ്ടുകൾ അക്ഷരങ്ങളിൽനിന്ന് അകറ്റി നിർത്തുകയും വിദ്യാഭ്യാസം സവർണ്ണർക്കുമാത്രമായി നില നിർത്തുകയും ചെയ്തു ഇത് നേരിൽ കണ്ട് ഈ വേർതിരിവ് അസഹനീയ പ്പോഴാണ് സ്വാമി വിവേകാനന്ദൻ ഒരു നൂറ്റാണ്ടിനുമുമ്പ് ഈ കേരളത്തെ ഭ്രാന്താലയമെന്ന് വിളിച്ചത്. സ്വാമി വിവേകാനന്ദൻ ഇൻഡ്യ മുഴുവൻ സന്ദർശിക്കുകയും ബംഗ്ലാദേശിന്റെയും പാകിസ്ഥാന്റെയും ഭാഗമായി കിടക്കുന്ന പ്രദേശങ്ങളും അതുപോലെ മറ്റ് സംസ്ഥാനങ്ങളെല്ലാം കണ്ടതിനും ശേഷമാണ് ഏറ്റവുമൊടുവിൽ ഈ കേരളത്തിൽ വന്നപ്പോൾ കേരളത്തെ മാത്രം നോക്കി ഭ്രാന്താലയമെന്ന് വിളിച്ചത്. അപ്പോൾ എന്തായിരുന്നു ആ കാലഘട്ടത്തിലെ കേരളമെന്ന് ഓർത്തുനോക്കണം. കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന സാമൂഹിക പരിഷ്കരണ പോരാട്ടങ്ങൾ മനസ്സിലാക്കണം. ബ്രിട്ടീഷു കാർക്ക് കുറെ ഗുമസ്തന്മാരെയൊക്കെ ആവശ്യമുണ്ടായിരുന്നതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് അവർ നടത്തിയ ചെറിയ ചെറിയ പരിഷ്കാരങ്ങളു മൊക്കെ അയിത്തവും ജാതിയുമൊക്കെത്തന്നെ വിദ്യാഭ്യാസം മാറ്റിനിർത്തു ന്നതിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. പക്ഷെ ഒരിക്കലും ബ്രിട്ടീഷുകാരൻപോലും ഒരു ബഞ്ചിലിരുന്ന് നായർക്കും

നമ്പൂതിരിക്കും ഈഴവർക്കും ക്രിസ്ത്യാനികൾക്കും മുസ്ലീംങ്ങൾക്കും ഒരുമിച്ചിരുന്ന് പഠിക്കാമെന്നുപറഞ്ഞ് നിയമമുണ്ടാക്കിയെങ്കിലും പാവപ്പെട്ട വരെ സ്കൂളിൽ ചേരാൻ കഴിയുന്ന വിധത്തിൽ ഫീസ് ഘടനയിൽ മാറ്റം വരുത്തിയില്ല. അതുകൊണ്ട് അന്ന് ബ്രിട്ടീഷുകാർ പുരോഗമനപരമായി കുറേ കാര്യങ്ങൾ നടപ്പിലാക്കിയെന്നു പറയുമ്പോഴും ഈ പാവപ്പെട്ടവനും പിന്നോക്കജാതിക്കാരനും ദരിദ്രനും എല്ലാം അക്ഷരങ്ങളിൽനിന്ന് അകറ്റി നിർത്തപ്പെട്ടു. 1947 ആഗസ്റ്റ് 15–ന് ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ടു പ്പോലും ഈ അവസ്ഥയ്ക്ക് മാറ്റം വന്നില്ല. 1956 നവംബർ ഒന്നാം തീയതി കേരളം രൂപംകൊണ്ടു. 1957 ഏപ്രിൽ 5–ന് ഇ.എം.എസ്.ന്റെ നേതൃത്വത്തി ലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇൻഡ്യ യിൽത്തന്നെ ആദ്യമായി ഒരു സമഗ്രമായ വിദ്യാഭ്യാസ ബിൽ അവതരിപ്പി ച്ചതും പാവപ്പെട്ടവന്റെയും കൂലിപ്പണിക്കാരന്റെയും പാടത്ത് പണിയെടുക്കു ന്നവരുടെയുമൊക്കെ മക്കൾക്ക് സ്കൂളിൽ പോകാനുള്ള സംവിധാനമുണ്ടായ തും. പക്ഷെ അക്ഷരങ്ങളെയും അറിവിനെയും സ്വായത്തമാക്കാനുള്ള സാധാരണക്കാരന്റെ പോരാട്ടങ്ങൾ നടന്ന കാലത്തെല്ലാം അതിന്റെ മുമ്പിൽ നിന്ന് പോരാടിയ പ്രസ്ഥാനമാണ് ഗ്രന്ഥശാലാ പ്രസ്ഥാനം. പി. എൻ. പണി ക്കരെപ്പോലുള്ള ഗ്രന്ഥശാല പ്രവർത്തകരെയും നേതാക്കന്മാരെയും കേരള ത്തിനൊരിക്കലും മറക്കാനാവില്ല. കേരളത്തിന് ആശയങ്ങളുടെയും അറിവി ന്റെയും കരുത്ത് നൽകിയതിൽ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുടെ പങ്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. ‘ഭ്രാന്താലയം’ എന്ന ആക്ഷേപത്തിൽ നിന്നും ‘ദൈവത്തിന്റെ സ്വന്തം നാട്’എന്ന വിളിപ്പേരിലേയ്ക്കുള്ള മാറ്റത്തിൽ വായനയുടെയും വായനശാലകളുടെയും പങ്ക് വിസ്മരിക്കാനാവില്ല. ഒരു

വലിയ പാരമ്പര്യവും ചരിത്രവും കേരളത്തിലെ ഈ പ്രസ്ഥാനങ്ങളിലുണ്ട്. 185 വർഷക്കാലത്തെ ചരിത്രം കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾക്കുണ്ട്. 1829–ലാണ് തിരുവനന്തപുരം പബ്ലിക് ലൈബ്രറി സ്ഥാപിച്ചത്. സ്വാതി തിരുനാളിന്റെ നേതൃത്വത്തിൽ അന്നത്തെ ആക്ടിംഗ് റസിഡന്റായിരുന്ന കേണൽ എഡ്വേർഡ് കടോഗൻ അടക്കമുള്ള ആളുകൾച്ചേർന്നാണ് തിരുവനന്തപുരം പബ്ലിക് ലൈബ്രറി സ്ഥാപിച്ചത്. ലൈബ്രറികൾക്ക് ഗ്രാന്റ് നൽകുകയെന്ന ഒരു സങ്കൽപ്പംപോലുമുണ്ടാക്കിയത് സ്വാതിതിരുനാളാണ്. അദ്ദേഹമാണ് നാട്ടിൻപുറങ്ങളിൽ വായനശാലകൾ സ്ഥാപിക്കുകയും അതിന് ഗ്രാന്റ് കൊടുക്കുന്ന സംവിധാനമുണ്ടാക്കുകയും ചെയ്തത്. അവിടെനിന്നിങ്ങോട്ട് വേറൊരു സംസ്ഥാനത്തിനോ പ്രദേശത്തിനോ ഇല്ലാത്ത ഒരു നീണ്ട ചരിത്രം നമ്മുടെ കേരളത്തിനുണ്ട്. 1861–ൽ എറണാകുളം പബ്ലിക് ലൈബ്രറി, 1873–ൽ തൃശ്ശൂർ പബ്ലിക് ലൈബ്രറി, 1926–ൽ ഒന്നാം തിരുവിതാംകൂർ ഗ്രന്ഥാശാലാ സമ്മേളനം അങ്ങനെ ആ ചരിത്രവും പാരമ്പര്യവും മുന്നോട്ടുപോകുകയാണ്. 1945 സെപ്റ്റംബർ 16–ാം തീയതി തിരുവിതാംകൂർ ഗ്രന്ഥശാലാ സംഘം രൂപീകരണം, 1949 മാർച്ച് 11–ന് തിരുകൊച്ചി ഗ്രന്ഥശാലാ സംഘത്തിന്റെ രൂപീകരണം, 1958–ൽ കേരള ഗ്രന്ഥശാലാ സംഘത്തിന്റെ രൂപീകരണം എന്നിങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുകയും ഗവൺമെന്റുതന്നെ ഇടപെട്ട് ഗ്രാന്റ് നൽകി ഈ പുസ്തകങ്ങൾ വാങ്ങാൻ സഹായിക്കുകയും ആളുകളെകൊണ്ട് പുസ്തകങ്ങൾ വാങ്ങാൻ പ്രേരിപ്പിച്ചുകൊണ്ടും മുന്നോട്ടുപോയ ഒരു മഹാ പ്രസ്ഥാനമാണിത്. സർ, 1970–ൽ കൺട്രോൾ ബോർഡിന്റെ ഭരണം വന്നു. അപ്പോൾ ആ ജനാധിപത്യ സംവിധാനത്തിൽ ചെറിയ തകർച്ച

യുണ്ടായി. പക്ഷെ 1989–ൽ ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളുടെയും ശ്രദ്ധ കേരളത്തിലേയ്ക്ക് ആകർഷിച്ചുകൊണ്ട് അന്നത്തെ നയനാർ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കെ. ചന്ദ്ര ശേഖരൻ അവതരിപ്പിച്ച പബ്ലിക് ലൈബ്രറി ആക്ട് എന്ന ഗ്രന്ഥശാലാ ബിൽ ഇൻഡ്യയുടെ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റിയ ഒന്നാണ്. പിന്നീട് ആ ബില്ലിന്റെ കോപ്പിക്കായി എത്രയോ ആളുകൾ കേരളത്തെ സമീപിച്ചിട്ടുണ്ട്. സർ, ഈ ബിൽ 1989–ൽ അവതരിപ്പിച്ച് പാസ്സാക്കുകയും 1991–ൽ നിയമമാകുകയും ചെയ്തതോടുകൂടി ഇത് കേരളത്തിൽ ഒരു വലിയ പ്രസ്ഥാനമായി മാറുകയും ചെയ്തു. പിന്നീടുവന്ന ഗവൺമെന്റുകളൊക്കെ ഗ്രന്ഥശാലകളെ പരിപോഷി പ്പിച്ചു. അതിനെ സഹായിക്കുകയും ഗ്രാന്റുകൾ വർദ്ധിപ്പുകൊടുക്കുകയും ചെയ്തു. അങ്ങനെ ഏറ്റവും ജനാധിപത്യപരമായ സംവിധാനമുണ്ടായി. അതാണ് ഇപ്പോൾ ഈ ഗവൺമെന്റ് കടപുഴുക്കിയെറിയുന്നത്. ആ ഗ്രന്ഥ ശാലാ സംഘത്തെ പിരിച്ചുവിടാതിരിക്കാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്നുപറഞ്ഞ് നോട്ടീസ് കൊടുത്തിരിക്കുകയാണ്. 30–ാം തീയതി നോട്ടീസിൽ പറഞ്ഞിരിക്കുന്ന സമയം അവസാനിക്കുകയാ ണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 30–ാം തീയതി കഴിഞ്ഞാൽ ഈ ഗ്രന്ഥശാലാ സംഘത്തെ പിരിച്ചുവിടും. യു.ഡി.എഫ്.ന്റെയും യു.ഡി.എഫ്. ഗവൺമെന്റിന്റെയും തലയിൽനിന്നൊരിക്കലും മായ്ക്കാൻ കഴിയാത്ത, ഇനി വരാനിരിക്കുന്ന ഭാവി കേരളം എക്കാലത്തും ഇതിന്റെ പുറകിലണിനിരന്നിരി ക്കുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും ചരിത്രത്തിൽ കറുത്ത അദ്ധ്യായം ഉണ്ടാക്കുന്ന വിധത്തിലൊരു നടപടിയിലേയ്ക്ക് ഈ ഗവൺമെന്റ് പോകരുത്.

<u>മി. ചെയർമാൻ:</u> യെസ്, പ്ലീസ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, നിങ്ങൾ ഗ്രന്ഥശാലകൾ പിരിച്ചുവിടുതിനുകാരണമായി ഇവിടെ ഉന്നയിച്ച ഒരു കാരണവും നില നിൽക്കുന്ന കാരണങ്ങളല്ല. ഇതൊരു സ്വയംഭരണ ജനാധിപത്യ പ്രസ്ഥാന മാണ്. ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഈ സ്ഥാപനത്തിന് അധികാരമുണ്ട്. അതിന് കഴിഞ്ഞ ഗവൺമെന്റ് അംഗീകാരം കൊടുത്തിട്ടുമുണ്ട്.

<u>മി. ചെയർമാൻ:</u> യെസ് ശ്രീ. ബാബു എം. പാലിശ്ശേരി, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, ഞാൻ അവസാനിപ്പിക്കുക യാണ്. വളരെ പ്രധാനപ്പെട്ട ഒരു കേസല്ലേ ഇത്?

<u>മി. ചെയർമാൻ:</u> എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളും അങ്ങ് വളരെ വിശദ മായിത്തന്നെ ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞു. ഇനി ബഹുമാനപ്പെട്ട മന്ത്രി യുടെ മറുപടി കേൾക്കൂ.

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> സർ, അതുകൊണ്ട് ഞാൻ ദീർഘി പ്പിക്കുന്നില്ല. ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശം ഞാൻ സ്വീകരിക്കുക യാണ്. ഒരു കാടൻ ശ്രമത്തിന് തുനിയരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഈ ഗവൺമെന്റിനോടും അഭ്യർത്ഥിക്കുകയാണ്. ഈ മഹാപ്രസ്ഥാനത്തെ ഇല്ലാതാക്കരുതെന്ന് വിനയപൂർവ്വം ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. അബ്ദു റബ്ബ്)</u> : സർ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാരിന്റെ ഗ്രാന്റും സെസ്സും വാങ്ങി പ്രവർത്തി ക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. കേരളത്തിലെ ലൈബ്രറികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയാണ് ഇത് രൂപീകരിച്ചത്. എന്നാൽ നിയമാനു

സൃതമായ സർക്കാർ തീരുമാനങ്ങൾ പാലിക്കുന്നതിൽ കൗൺസിൽ താഴെ പ്പറയുന്ന വീഴ്ചകൾ വരുത്തിയിരിക്കുകയാണ്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ താല്ക്കാലിക ജീവനക്കാരായിരുന്നവരെ സ്ഥിരപ്പെടുത്തി ക്കൊണ്ടുള്ള മുൻസർക്കാരിന്റെ 27-02-2011–ലെ മന്ത്രിസഭാ യോഗ തീരുമാനം 24-8-2011-–ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം റദ്ദാക്കികൊണ്ട് 29-08-2011-–ലെ ജി.ഒ.(എം.എസ്)നം.164/2011/ഉ.വി.വ. പ്രകാരം ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായെങ്കിലും പ്രസ്തുത ഉത്തരവ് ലൈബ്രറി കൗൺസിൽ നടപ്പാക്കിയില്ല. ലൈബ്രറി കൗൺസിലിന് സർക്കാർ ഗ്രാന്റ് ലഭ്യമാക്കിയപ്പോൾ ഒപ്പം നൽകിയിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സമയപരിധി ക്കുള്ളിൽ പാലിക്കാൻ തയ്യാറായില്ല. ലോക്കൽഫണ്ട് ഓഡിറ്റ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് സമയപരിധിക്കുള്ളിൽ മറുപടി നൽകാൻ കൂട്ടാക്കിയില്ല. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നിലവിലുള്ള അപാകതകൾ പരിഹരി ക്കുന്നതിനും സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കുന്നതിനുമായി സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നതാണ്. അവ യഥാസമയം പാലിക്കാതിരുന്നതിനാൽ 15-07-2013–ൽ നിയാമാനുസൃതമായി കാരണംകാണി ക്കൽ നോട്ടീസ് നൽകിയതിനോടൊപ്പം 2013-2014 വർഷത്തെ ഗ്രാന്റ് തടഞ്ഞു വയ്ക്കേണ്ടതായുംവന്നു. 29-08-2011-ലെ സ.ഉ(എം.എസ്)നം.164/2011/ഉ.വി.വ എന്ന സർക്കാർ ഉത്തരവിനെതിരെ കൗൺസിൽ താല്ക്കാലിക മറുപടി ലഭ്യമാക്കിയ സാഹചര്യത്തിൽ തടഞ്ഞുവച്ച ഗ്രാന്റ് അതേ സാമ്പത്തിക വർഷംതന്നെ അനുവദിക്കുകയുണ്ടായി. കൗൺസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC No.25087/2011 കേസിന്മേൽ 02-12-2013–ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ 29-08-2011–ലെ സർക്കാർ

ഉത്തരവിൽ അപാകതയില്ലെന്നും നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ കരസ്ഥമാക്കിയ നിയമനങ്ങളായതിനാൽ സർക്കാർ നടപടികൾ അംഗീകരിക്കുകയും നിയമവിധേയമല്ലാതെയുള്ള സ്ഥിരപ്പെടുത്തൽ തള്ളിക്കളഞ്ഞ് കേസ് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതുമാണ്. വിധിന്യായത്തിനുശേഷം നാളിതുവരെയായിട്ടും 29-08-2011–ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം ലൈബ്രറി കൗൺസിൽ പാലിച്ചിട്ടില്ല. ജനാധിപത്യ വ്യവസ്ഥിതിയിൽ തെരഞ്ഞെടുക്കപ്പെട്ട ലൈബ്രറി കൗൺസിൽ ഒരേസമയം സർക്കാരിന്റെ ഗ്രാന്റും സെസ്സും കൈപ്പറ്റുകയും സർക്കാർ ഉത്തരവുകളെ ധിക്കരിച്ച് സർക്കാർ പണം ഉപയോഗിച്ച് കോടതിയിൽ സർക്കാരിനെതിരെ കേസു നടത്തുകയും ഈ സംവിധാനം ഉപയോഗിച്ചുതന്നെ സർക്കാരിനെതിരെ സമരം നടത്തുകയും ചെയ്യുന്നത് അംഗീകരിക്കാനാവില്ല. സർക്കാരിന്റെ ഗ്രാന്റും സെസ്സും വാങ്ങി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിനേയും ക്രമക്കേടുകൾ സംബന്ധിച്ച് തെളിവുകളുടെ പിൻബലത്തോടെ തയ്യാറാക്കപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളേയും അംഗീകരിക്കാതെ നിയമവ്യവസ്ഥയെ പരസ്യമായി വെല്ലുവിളിക്കുകയാണ്. തികച്ചും പരിപാവനമായ അക്ഷരങ്ങളുടെ ലോകത്തിൽ അക്ഷരസ്നേഹികളുടെ ആശയും പ്രതീക്ഷയുമാകേണ്ട ലൈബ്രറി കൗൺസിൽ മാതൃകാപരമല്ലാത്ത പ്രവർത്തനങ്ങൾ നടത്തുകവഴി അക്ഷരലോകത്തിന് അപമാനമാവുകയാണ്. സ്വാതന്ത്ര്യ സമരത്തിനും കേരളീയ നവോത്ഥാനത്തിനും ഉത്തേജനം നൽകിയ ലൈബ്രറികൾ രാഷ്ടീയവത്ക്കരിച്ച് അതിന്റെ ഉദ്ദേശ്യംതന്നെ അട്ടിമറിക്കുന്നത് സാംസ്കാരിക കേരളം പൊറുക്കില്ല. ഗ്രന്ഥശാലാ രംഗങ്ങളിൽ കാലോചിതമായ പരിഷ്കാരം

വരുത്തി കേരളീയ ജനതയ്ക്ക് വഴികാട്ടേണ്ട ഗ്രന്ഥശാലാ പ്രസ്ഥാനം ദുർബലമാക്കി നശിപ്പിക്കുവാനുള്ള ഏതുനീക്കവും അപകടകരമാണ്. പുതിയ കൗൺസിലിന്റെ തെരഞ്ഞെടുപ്പിനുതയ്യാറെടുക്കുന്ന വേളയിൽ സർക്കാർ ഉത്തരവുകൾ പാലിക്കുകയും തുടർന്നുവരുന്ന ഭരണസമിതിക്ക് അത്തരത്തിൽ മാതൃകയാവുകയും ചെയ്യേണ്ട നിലവിലുള്ള കൗൺസിൽ കോടതിയെയും ഭരണകൂടത്തെയും തുടർച്ചയായി ധിക്കരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നത് അനുവദിക്കാൻ കഴിയില്ല. സർക്കാർ തീരുമാനത്തിന് വിധേയമായി മുന്നോട്ടുപോകാൻ ഇനിയും തയ്യാറാകുന്നില്ലെങ്കിൽ ലൈബ്രറി കൗൺസിലിനെതിരെ നിയമമനുശാസിക്കുന്ന തരത്തിൽ ശക്തമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, മന്ത്രിയുടെ പ്രസ്താവനയുടെ അവസാനത്തെ ഖണ്ഡിക വളരെ ക്ലിയറാണ്. ഒരു സ്വയംഭരണ സ്ഥാപനത്തെ ഈ ഗവണ്മെന്റ് അംഗീകരിക്കുന്നില്ല. സ്വയംഭരണ സ്ഥാപനത്തിലെ അവകാശങ്ങളെ ഈ ഗവണ്മെന്റ് അംഗീകരിക്കുന്നില്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നിയമനം കൊടുത്തതിന് കഴിഞ്ഞ ഗവണ്മെന്റ് അംഗീകാരവും കൊടുത്തിട്ടുണ്ട്. ഈ ഗവണ്മെന്റ് വന്ന് ആ അംഗീകാരമെല്ലാം റദ്ദാക്കുമെങ്കിൽ ഇപ്പോഴത്തെ ഗവണ്മെന്റിന്റെ കാലത്ത് നിയമിക്കുന്നവരെയെല്ലാം അടുത്ത ഗവണ്മെന്റ് വരുമ്പോൾ പിരിച്ചുവിടണ്ടേ; അതാണോ കീഴ്വഴക്കം; ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് ആരാണ് ഇതൊക്കെ ചെയ്യിക്കുന്നത്? അങ്ങിവിടെ പറഞ്ഞല്ലോ, പരിപാവനമായ അക്ഷരത്തിന്റെ ലോകത്ത് ചെയ്യേണ്ട കാര്യങ്ങളല്ല ചെയ്യുന്നതെന്ന്. ഞാൻ ഇതിന്റെയൊരു ഭാരവാഹിയാണ്. ജില്ലാ പ്രസിഡന്റാണ്. എന്റെ ജില്ലയിൽനിന്ന് ഒരു കുട്ടിയോ, ഒരു ലീഗിന്റെ പ്രവർത്തകനോ, ഒരു യു.ഡി.എഫ്.-ന്റെ പ്രവർത്തകനോ

അങ്ങനെയൊരാക്ഷേപം ഉന്നയിച്ചിട്ടില്ല. കേരളത്തിലൊരിടത്തും ഉന്നയിച്ചിട്ടില്ല. ഒരാക്ഷേപംപോലും ഇന്നുവരെ ആ രീതിയിൽ വന്നിട്ടില്ല. വളരെ സ്തുത്യർഹമായ പ്രവർത്തനം നടത്തുന്ന രാഷ്ട്രീയത്തിനുപരിയായി സാംസ്കാരിക രംഗത്തെ പുസ്തകങ്ങളെ സ്നേഹിക്കുന്നവരെയൊക്കെ തെരഞ്ഞുപിടിച്ച് അക്ഷരങ്ങളെ സ്നേഹിക്കുന്നവരുടെ ഒരു ശൃംഖലയുണ്ടാക്കി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനത്തെ എതെല്ലാം തരത്തിലാണ് നിങ്ങൾ ബുദ്ധിമുട്ടിക്കുന്നത്. കോടതിയുടെ ഒരു നടപടിയും ധിക്കരിച്ചിട്ടില്ല. കോടതി പറഞ്ഞതനുസരിച്ചിട്ടാണ് ആ ജീവനക്കാർ അവിടെ തുടരുന്നത്. ആ ജീവക്കാരെ പിരിച്ചുവിട്ടാൽ അത് കോടതിയലക്ഷ്യമാകും. കൗൺസിൽ കേസിനുപോയിട്ടില്ല. പിരിച്ചുവിടപ്പെട്ട ജീവനക്കാരാണ് കേസിനുപോയത്. അവർക്കാണ് വിധി കിട്ടിയിട്ടുള്ളത്. ഒരിക്കലും ന്യായീകരിക്കാൻ കഴിയാത്ത കാര്യമാണ് ഈ ഗവണ്മെന്റ് ചെയ്യുന്നത്. അങ്ങ് പറഞ്ഞ അവസാനത്തെ വരിയിൽ വളരെ മോശപ്പെട്ട സ്വരമാണുള്ളത്. ഗവണ്മെന്റിന്റെ കാശുവാങ്ങുന്ന ആളുകൾ ഗവണ്മെന്റിന്റെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കണമെന്നാണോ; ഗവണ്മെന്റിന്റെ കാശെന്നുപറഞ്ഞാൽ ആരുടെ കാശാണ്; അത് ജനങ്ങളുടെ കാശല്ലേ? ജനങ്ങളുടെ കാശെടുത്ത് ക്രയവിക്രയം നടത്താനുള്ള അധികാരം നിങ്ങൾക്കുതന്നു, അത്രയല്ലേയുള്ളൂ. അത് നിങ്ങളുടെയാരുടെയും പണമല്ലല്ലോ; അത് സർക്കാരിന്റെയും ജനങ്ങളുടെയും പണമല്ലേ? അത് വാങ്ങുന്ന എല്ലാ സ്ഥാപനങ്ങളും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുമെല്ലാം നിങ്ങളുടെ മുമ്പിൽ ഓച്ഛാനിച്ചുനിൽക്കണമെന്നത് കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കേരളത്തെ പിടിച്ചുകുലുക്കികൊണ്ടിരിക്കുന്ന സംഭവവികാസങ്ങളിൽ അങ്ങയുടെ മനോഭാവം വ്യക്തമാക്കുന്നതാണ്. ഇത് മോശമാണ്. അക്ഷരത്തിന്റെ ലോകത്തോട് ഈ നടപടി സ്വീകരിക്കരുത്. ഏറ്റവും

ശരിയായ രീതിയിൽ ഇത് ചർച്ചചെയ്ത് പരിഗണിക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി.കെ. അബ്ദു റബ്ബ് : സർ, കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തുണ്ടായ തീരുമാനം ഈ ഗവണ്മെന്റ് വന്നപ്പോൾ റദ്ദാക്കി. അതിനനുസരിച്ച് കോടതിയിൽപ്പോയി, കോടതി ഈ ഗവണ്മെന്റിന്റെ തീരുമാനം ശരിവച്ചു. അതിന്റെയടിസ്ഥാനത്തിലാണ് നടപടിയെടുത്തത്.